പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 843 — 28.09.2011-ൽ മറുപടിയ്ക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) ശബരിമല മാസ്റ്റർ പ്ലാനിൻെറ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഈ സീസണിന് മുമ്പ് പൂർത്തീകരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>1) ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തുനിന്നും ചന്ദ്രാനന്ദൻ റോഡുവരെ ബെയ്‌ലി ബ്രിഡ്ജും അപ്രോച്ച് റോഡും.<br>2) മരക്കൂട്ടം ഭാഗത്ത് മൂന്ന് യൂണിറ്റുള്ള ക്യൂ കോംപ്ലക്സ്.<br>3) മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി രണ്ടു യൂണിറ്റുള്ള ക്യൂ കോംപ്ലക്സ്<br>4) പമ്പയിൽ ലാട്രിൻ ബ്ലോക്കിനു പുറകുവശത്തുകൂടിയുള്ള സർവ്വീസ് റോഡ്. |
| (ബി) ശബരിമല "സ്വാമി അയ്യപ്പൻ റോഡ്" സഞ്ചാരയോഗ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) സ്വാമി അയ്യപ്പൻ റോഡ് സഞ്ചാരയോഗ്യമാക്കാനായി ഒരു കോടിയിൽപ്പരം രൂപയുടെ അടങ്കൽ തയ്യാറാക്കുകയും പ്രസ്തുത പണികൾ പൂർത്തീകരിക്കാനായി സുബ്രഹ്മണ്യം റിലീജിയസ് ട്രസ്റ്റിനെ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റോഡുപണി നടന്നുവരുന്നു. |
| (സി) ശബരിമലയിൽ കരസേനയുടെ സഹായത്തോടെ നിർമ്മിക്കുന്ന ബെയ്‌ലി പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ; | (സി) ഈ വർഷത്തെ ശബരിമല ഉത്സവകാലം തുടങ്ങുന്നതിന് മുൻപായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | |
|---|---|---|
| ശബരിമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ശബരിമലയിൽ മൂന്നും, പമ്പയിൽ മൂന്നും, നിലയ്ക്കലിൽ രണ്ടും ഡീസൽ കൊണ്ട് പ്രവർത്തിക്കുന്ന ഇൻസിനറേറ്ററുകളും, ദ്രവ മാലിന്യങ്ങൾ ചെറിയാനവട്ടത്തുള്ള സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിലും സംസ്കരിക്കുന്നതാണ്. ശബരിമലയിൽ 5 എം.എൽ.ഡി. എസ്.റ്റി.പി. പ്ലാൻറിൻേറയും പമ്പയിൽ കൂടുതലായി 1.5 എം.എൽ.ഡി എസ്.റ്റി.പി. പ്ലാൻറും നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടന്നുവരുന്നു. ശബരിമലയിൽ ദ്രവ മാലിന്യ സംസ്കരണത്തിനായി കേരളാ സ്റ്റേറ്റ് പോലൂഷൻ കൺട്രോൾ ബോർഡിൻെറ നിർദ്ദേശാനുസരണം താൽക്കാലിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. കൂടാതെ മാലിന്യമുക്ത ശബരിമല എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും കൂടി സഹായത്തോടെ ശബരിമലയിൽ വ്യാപകമായ ശുചീകരണ-മാലിന്യനിർമ്മാർജ്ജന പരിപാടികൾ ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

Salmy

സെക്ഷൻ ഓഫീസർ